(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ :

(സി) തൃശ്ശൂർ മുതൽ കാസർഗോഡ് തലപ്പാടിവരെയുള്ള ഭാഗംകൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) പൊന്നാനി മുതൽ കോഴിക്കോട് എലത്തൂരിൽ അവസാനിക്കുന്ന വെസ്റ്റ് കോസ്റ്റ് ഓഷ്യൻ ഹൈവേ നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; പദ്ധതിക്ക് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഇ) ഇതിന്റെ നിർമ്മാണ ചുമതല ഏത് ഏജൻസിയെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ?

നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

(എ) ഉണ്ട്.

(ബി) ദേശീയപാതാ വികസനപദ്ധതിയുടെ ഫേസ് VI-ൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന അതിവേഗപാത നെറ്റ് വർക്കിന്റെ 2012-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ഒന്നാം ഘട്ടത്തിലാണ് 400 കി.മീ. ദൈർഘ്യമുള്ള തൃശ്ശൂർ, കന്യാകുമാരി പാത ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) സംസ്ഥാനത്തിന് മുഴുവൻ എക്സ്പ്രസ് വേ നെറ്റ്വർക്കിന്റെ പ്രയോജനം ലഭിക്കേണ്ടതിന് പാത തൃശ്ശൂരിൽ നിന്ന് കാസർഗോഡ് വരെ നീട്ടണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര കരഗതാഗത വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) പൊന്നാനി മുതൽ എലത്തൂർ വരെയുള്ള തീരദേശപാത സംബന്ധിച്ച് ആർ.ബി.ഡി.സി.കെ. കിറ്റ്കോ എന്ന കൺസൾട്ടൻസി സ്ഥാപനം മുഖേന പഠനം നടത്തി 2009 ഒക്ടോബറിൽ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. 11-3-2010-ൽ ഈ റോഡിന്റെ പരിധിയിൽ വരുന്ന നിയമസഭാംഗങ്ങളുമായി ഒരു ചർച്ച നടത്തുകയും ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശമനുസരിച്ച് പാത ഏലത്തൂർ നിന്നും വെങ്ങളം വരെ നീട്ടുന്നതിനുള്ള പഠനം നടത്താൻ കിറ്റ്കോയെ വീണ്ടും ചുമതലപ്പെടുത്തുകയും ചെയ്തു. കിറ്റ്കോ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 2425 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(ഇ) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള മുഖാന്തിരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഗ്രാമീണമേഖലയിൽ ഡോക്ടർമാരുടെ സേവനം

8 (*218) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണമേഖലയിലെ ആശുപത്രികളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എം. ബി. ബി. എസ്. പൂർത്തിയാക്കുന്ന ഡോക്ടർമാർക്ക് ഗ്രാമീണസേവനം നിർബന്ധമാക്കിയിട്ടുണ്ടോ ;

(സി) പി.ജി. കോഴ്സ് പൂർത്തിയാക്കുന്ന ഡോക്ടർമാർക്കും ഗ്രാമീണ സേവനം നിർബന്ധമാക്കുമോ ;

(ഡി) ഗ്രാമീണമേഖലയിൽ ഇപ്പോൾ ഡോക്ടർമാരുടെ കുറവ് അനുഭവപ്പെടുന്നുണ്ടോ ;

(ഇ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാലാകാലങ്ങളിൽ ഉണ്ടാകുന്ന അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കുകയും ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുകയും ചെയ്തു വരുന്നു. ഇതിനുപുറമേ എൻ.ആർ.എച്ച്.എം. വഴിയും നിർബന്ധിത ഗ്രാമീണ സേവനം വഴിയും താൽക്കാലികാടിസ്ഥാനത്തിൽ ജില്ലാ മെഡിക്കൽ ആഫീസർ വഴിയും ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) നിർബന്ധമാക്കിയിട്ടുണ്ട്.

(സി) പി.ജി. കോഴ്സ് പൂർത്തിയാക്കുന്ന ഡോക്ടർമാർക്ക് ഒരുവർഷത്തെ ഗ്രാമീണ സേവനം നിർബന്ധമാക്കിയിട്ടുണ്ട്.

(ഡി) 31-8-2010-ൽ ആരോഗ്യ വകുപ്പിൽ നിലവിലുണ്ടായിരുന്ന 166 ഒഴിവുകളിൽ 150 എണ്ണം പി.എസ്.സി.-യെ അറിയിക്കുകയും ലിസ്റ്റ് ലഭിച്ചത് അനുസരിച്ച് 99 പേർക്ക് നിയമനം നൽകുകയും ചെയ്തു. ഇനിയും ഒഴിവുള്ള തസ്തികകൾ പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. ലിസ്റ്റ് ലഭിക്കുന്ന മുറക്ക് നിയമനം നടത്തുന്നതാണ്. കൂടാതെ, എൻ.ആർ.എച്ച്.എം. വഴിയും ഗ്രാമീണമേഖലയിൽ ഡോക്ടർമാരെ നിയമിക്കുന്നുണ്ട്.

(ഇ) 1. സംസ്ഥാനത്തെ 115 സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിൽ, ഇൻഡ്യൻ പബ്ളിക് ഹെൽത്ത് സ്റ്റാൻഡേർഡ്സ് പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള നടപടികൾ എടുത്തിട്ടുണ്ട്. വാർഡ്, ലാബ് ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും നിലവിലുള്ളവയുടെ പുനഃരുദ്ധാരണവും പൂർത്തിയാക്കി.

2. വട്ടിയൂർക്കാവ്, പിണറായി, പഴയങ്ങാടി, പാനൂർ, മട്ടന്നൂർ, മച്ചിൽ എന്നീ സി.എച്ച്.സി.-കളിൽ പോളിക്ളിനിക്കുകൾ ആരംഭിച്ചു. ഇതുവഴി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ആഴ്ചയിലൊരു ദിവസം വീതം ലഭ്യമാക്കിയിട്ടുണ്ട്.

3. സംസ്ഥാനത്തെ 26 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കൂടി പോളിക്ളിനിക്കുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly